I ഇ.ബി. XI–കേരള നിയമസഭ/V2

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

**2003 ജനുവരി 27, തിങ്കൾ**

നിയമസഭ രാവിലെ 9–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ചരമോപചാരം

**മുൻ കേരള നിയമസഭാ സ്പീക്കർ ഡി. ദാമോദരൻ പോറ്റിയുടെ നിര്യാണം സംബന്ധിച്ച റഫറൻസ്**

**മി. സ്പീക്കർ**: മുൻ നിയമസഭാ സ്പീക്കർ ഡി. ദാമോദരൻ പോറ്റിയുടെ നിര്യാണവാർത്ത അതീവ ദു:ഖത്തോടെയാണ് നാമെല്ലാം അറിയുന്നത്. ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിലും സംസ്ഥാന മന്ത്രി എന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടുള്ള പോറ്റി, പൊതുജീവിതത്തിലുടനീളം മാതൃകാപൂർണ്ണമായ ലാളിത്യം പുലർത്തിയിരുന്ന ഒരു നേതാവായിരുന്നു.

കൊട്ടാരക്കര താലൂക്കിലെ കോട്ടവട്ടം എന്ന ഒരു ഉൾനാടൻ ഗ്രാമത്തിലാണ് ദാമോദരൻ പോറ്റി ജനിച്ചത്. വിദ്യാർത്ഥിയായിരിക്കുമ്പോൾ ഗാന്ധിയൻ ആദർശങ്ങളോട് ആഭിമുഖ്യം തോന്നുകയാൽ അദ്ദേഹം സ്റ്റുഡന്റ് കോൺഗ്രസിൽ അംഗമായി. അന്ന് വിദ്യാർത്ഥി

വിധേയനാകുകയുംചെയ്തു. 1941–ൽ ഇമ്പീരിയൽ സെക്രട്ടേറിയറ്റ് സർവ്വീസിൽ പ്രവേശിച്ചെങ്കിലും 1942 ആഗസ്റ്റിൽ ക്വിറ്റ് ഇൻഡ്യാ സമരത്തോടനുബന്ധിച്ചുണ്ടായ കൂട്ടരാജിപ്രസ്ഥാനത്തോട് അനുഭാവം രേഖപ്പെടുത്തിക്കൊണ്ട് ഉദ്യോഗം ഉപേക്ഷിക്കുകയാണുണ്ടായത്. പിൽക്കാലത്ത് അദ്ദേഹം സോഷ്യലിസ്റ്റ് ചേരിയോടൊപ്പം നിലയുറപ്പിച്ചു. അങ്ങനെ പ്രജാസോഷ്യലിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായി മാറിയ പോറ്റി 1954–ൽ തിരു–കൊച്ചി നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്ന് വിജയം വരിക്കുകയും കുറച്ചുകാലം പ്രസ്തുത സഭയുടെ ഡെപ്യൂട്ടി സ്പീക്കറായി പ്രവർത്തിക്കുകയും ചെയ്തു. 1960–ൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി കേരള നിയമസഭയിലെത്തിയ അദ്ദേഹം പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽരൂപംകൊണ്ട മന്ത്രിസഭയിൽ അംഗമായി, പൊതുമരാമത്ത്, ടൂറിസം എന്നീ വകുപ്പുകൾ അദ്ദേഹത്തിന്റെ ചുമതലയിലായിരുന്നു. ഒരു ഉത്തമ ഭരണാധികാരി എന്ന നിലയിൽ പ്രശംസനീയമായി പ്രവർത്തിച്ച പോറ്റി 1962–ൽ മന്ത്രിപദം രാജി വയ്ക്കുകയാണുണ്ടായത്.

1967–ൽ അദ്ദേഹം സപ്തകക്ഷി മുന്നണിയിൽ ചേരുകയും എസ്.എസ്.പി. സ്ഥാനാർത്ഥിയായി ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്ന് വിജയിക്കുകയുംചെയ്തു. തുടർന്ന് അദ്ദേഹം മൂന്നാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞടുക്കപ്പെട്ടു. കേരള രാഷ്ട്രീയ രംഗത്തെ സമുന്നതരും പ്രതിഭാശാലികളുമായ ഒട്ടേറെ നേതാക്കൾ വിജയിച്ചെത്തിയ ഒരു സഭയായിരുന്നു അത്. നിയമനിർമ്മാണസഭയുടെ അന്തസ്സിന് കോട്ടം തട്ടാതെ നിഷ്പക്ഷമതിയായ സഭാനാഥനായി പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടം. പുരോഗമന പ്രസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുമ്പോഴും

സാംസ്ക്കാരിക കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാൻ അദ്ദേഹം പ്രത്യേകം സമയം കണ്ടെത്തിയിരുന്നു. ലളിതമായ മലയാളഭാഷയിൽ വൈവിദ്ധ്യമാർന്ന വിഷയങ്ങളെക്കുറിച്ച് നിരവധി ലേഖനങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം എഴുതിയിരുന്നു. ഏകദേശം കാൽ നൂറ്റാണ്ടുകാലം അയ്യപ്പസേവാസംഘത്തിന്റെ പ്രസിഡന്റായിരുന്ന പോറ്റി, തുഞ്ചൻ സ്മാരകസമിതി, ഭാരത്സേവക് സമാജ്, ഗ്രന്ഥശാലാസംഘം എന്നിവയുടെ ഭാരവാഹിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. വിവിധ തൊഴിലാളി സംഘടനകളുടെ നേതൃസ്ഥാനവും അദ്ദേഹം വഹിച്ചിരുന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾക്ക് മുന്തിയ പരിഗണന നൽകിയിരുന്ന രാഷ്ട്രീയ പ്രവർത്തകരുടെ തലമുറയിലെ അവസാനത്തെ കണ്ണികളിലൊന്നാണ് ദാമോദരൻ പോറ്റിയുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിരിക്കുന്നത്. പ്രഗൽഭനായ ആ മുൻഗാമിയുടെ സ്മരണയ്ക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)**</u>: അന്തരിച്ച ആദരണീയനായ മുൻ സ്പീക്കർ ഡി. ദാമോദരൻ പോറ്റിയുടെ അപദാനങ്ങളെക്കുറിച്ച് അങ്ങ് നടത്തിയ പരാമർശങ്ങളോട് ഞാനും യോജിക്കുന്നു. കേരളത്തിലെ രാഷ്ട്രീയ-സാമൂഹ്യ- സാമുദായിക-സാംസ്ക്കാരിക രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ ഒരു കുടുംബത്തിലെ മഹാനായ വ്യക്തി മാത്രമല്ല, കേരളത്തിലെ ജനങ്ങൾ ഏറ്റവുമധികം അംഗീകരിച്ചിരുന്ന ഒരു പൊതുപ്രവർത്തകൻ കൂടിയായിരുന്നു അദ്ദേഹം. ചെറുപ്പകാലത്ത് സോഷ്യലിസ്റ്റ് ആദർശങ്ങളിൽ ആകൃഷ്ടനായ അദ്ദേഹം മറ്റെല്ലാ തൊഴിലുകളും വലിച്ചെറിഞ്ഞ് രാഷ്ട്രീയ രംഗത്തേയ്ക്ക് കടക്കുകയും സോഷ്യലിസ്റ്റ് ആദർശങ്ങളും പരിപാടികളും വ്യാപകമായി

ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പാർലമെന്ററി രംഗത്തേയ്ക്ക് കടന്നു വന്നതിനുശേഷമുള്ള അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ കേരളത്തിലെ പാർലമെന്ററി പ്രവർത്തനങ്ങളെക്കുറിച്ച് അറിയാവുന്നവർക്ക് ബോദ്ധ്യമുള്ളതാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ആ വകുപ്പിൽ പല പരിഷ്ക്കാരങ്ങളും ഏർപ്പെടുത്താൻ ശ്രമിച്ചു. കേരളത്തിലെ ടൂറിസത്തിന്റെയും ടൂറിസം വകുപ്പിന്റെയും തുടക്കക്കാരൻ എന്ന് നമുക്ക് അദ്ദേഹത്തെ വിളിക്കാൻ സാധിക്കും. ടൂറിസം മേഖല ഇന്ന് ലോകപ്രശസ്തിയിലേയ്ക്ക് കുതിച്ചുയരുന്ന മേഖലയായി മാറിയിരിക്കുന്നു. നിയമസഭാ സ്പീക്കർ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം അവിസ്മരണീയമാണ്. കേരളത്തിലെ രാഷ്ട്രീയ സംഘർഷപൂരിതമായ, നിർണ്ണായകമായ ഒരുകാലഘട്ടത്തിലാണ് അദ്ദേഹം നിയമസഭയുടെ സ്പീക്കറായത്. അന്നത്തെ നിയമസഭാ സമ്മേളനം ഓരോ ദിവസവും കടന്നുപോയത് വാക്കുകൾകൊണ്ട് പറയാൻ വയ്യാത്ത സംഘർഷങ്ങളിൽക്കൂടിയായിരുന്നു. ആ കാലഘട്ടത്തിലും തന്റെ ശാന്തഗംഭീരമായ വാക്കുകളിലൂടെ ആരേയും വശീകരിക്കാനും സാന്ത്വനപ്പെടുത്താനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. രാഷ്ട്രീയ പ്രവർത്തനം അവസാനിപ്പിച്ചശേഷം സാമൂഹ്യരംഗത്തും സാമുദായിക രംഗത്തുമാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചത്. ശബരിമലയിലെ തീർത്ഥാടകരുടെ ദുരിതങ്ങൾ പരിഹരിക്കുന്നതിന് അയ്യപ്പസേവാസംഘം, ദേവസ്വം ബോർഡ്, സന്നദ്ധസംഘടനകൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് തന്റെ ആരോഗ്യം പോലും വകവയ്ക്കാതെ പ്രവർത്തിച്ച. അദ്ദേഹം ദീർഘകാലം അയ്യപ്പസേവാ സംഘത്തിന്റെ പ്രസിഡന്റുമായിരുന്നു. ശബരിമല തീർത്ഥാടകർക്ക് ഇന്ന് ലഭിച്ചു കൊണ്ടിരിക്കുന്ന മെച്ചപ്പെട്ട സൗകര്യങ്ങളിൽ മറ്റാരെക്കാളും സംഭാവന നൽകിയിട്ടുള്ള വ്യക്തിയെന്നുള്ള നിലയിൽ ദാമോദരൻ പോറ്റി

കുടുംബത്തിൽനിന്ന് വന്ന അദ്ദേഹം പൊതുപ്രവർത്തനംകൊണ്ട് ഒന്നും സമ്പാദിച്ചില്ലെന്ന് മാത്രമല്ല, കിട്ടിയ സ്വത്തിന്റെ ഗണ്യമായ ഭാഗം ദീർഘകാലത്തെ പൊതുപ്രവർത്തനത്തിനുവേണ്ടി നഷ്ടപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ രാഷ്ട്രീയ നേതാക്കൾക്കും മറ്റുള്ളവർക്കുമെല്ലാം ഏറ്റവും പ്രിയപ്പെട്ട ഒരു സഹപ്രവർത്തകനായിരുന്നു അദ്ദേഹം. എല്ലാവരേയും സ്നേഹിച്ച് ലാളിത്യത്തോടും എളിമയോടും കുലീനതയോടും പെരുമാറിയിരുന്ന ദാമോദരൻ പോറ്റിയുടെ സ്വഭാവ വൈശിഷ്ട്യം മറ്റുള്ളവർക്ക് എന്നും മാതൃകയായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് അത്യന്തം ദു:ഖകരമാണ്. ഈ ദു:ഖത്തിൽ എല്ലാവരോടുമൊപ്പം ഞാനും എന്റെ ഗവൺമെന്റും പങ്ക് ചേരുന്നു.

**<u>പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ):</u>**- അന്തരിച്ച മുൻ സ്പീക്കർ ഡി. ദാമോദരൻ പോറ്റിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. വിനയാന്വിതനായിരുന്ന ഒരു പ്രമുഖ വ്യക്തി മാത്രമല്ല, പരീക്ഷണ ഘട്ടത്തിൽ അക്ഷോഭ്യനായി സഭയെ നിയന്ത്രിക്കാനുള്ള കഴിവും ഒരു സ്പീക്കറെന്ന നിലയിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. പ്രക്ഷുബ്ധമായ ഒരു സന്ദർഭത്തിൽ സഭയെ നിയന്ത്രിക്കുന്ന നാഥനായി അദ്ദേഹം തുടരേണ്ടിവന്ന ആ കാലത്തെപ്പറ്റി അന്നത്തെ സഭയിലെ ഒരംഗമായിരുന്ന എനിക്ക് സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതൃകാപരമായ ജീവിതം എല്ലാപേരേയും ആകർഷിക്കത്തക്കതായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ഞാൻ അത്യന്തം ദുഃഖം രേഖപ്പെടുത്തുന്നു.

**വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>)**:- മുൻ സ്പീക്കർ ഡി. ദാമോദരൻ പോറ്റിയുടെ സേവനങ്ങളെ അനുസ്മരിച്ചു കൊണ്ട് ബഹുമാന്യനായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും പൂർണ്ണമായി യോജിക്കുകയാണ്. വളരെ മുമ്പുള്ള അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും എനിക്ക് കേട്ടറിവ് മാത്രമേയുള്ളു. പക്ഷേ ഈ അടുത്ത കാലത്ത് തിരുവനന്തപുരത്ത് നടത്തിയ സാമൂഹ്യ സാമുദായിക മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എനിക്ക് അദ്ദേഹത്തെ കാണാനും നിര്യാണവേളയിൽ അദ്ദേഹത്തിന്റെ വീട്ടിൽ പോകാനും സന്ദർഭം ഉണ്ടായത് ഞാൻ ഓർക്കുകയാണ്. നിയമസഭാ സ്പീക്കർ എന്ന നിലയിലുള്ള കാലത്തെ ചരിത്രം ഓർമ്മിക്കുന്നതും പഠിക്കുന്നതുമായ ആളുകളെപ്പോലെ നിയമസഭയിലെ അന്നത്തെ നാടകീയമായ രംഗങ്ങളും അതിനെത്തുടർന്നുണ്ടായ സംഭവങ്ങളും അദ്ദേഹം കൈകാര്യം ചെയ്ത രീതിയും ഒക്കെ ഒരുപാട് വായിക്കുകയും കേട്ടറിയുകയും ചെയ്തത് ഒരുപക്ഷേ ഇന്നത്തെക്കാൾ കൂടുതൽ കാര്യക്ഷമതയോടും പ്രാപ്തിയോടുംകൂടി കാര്യങ്ങൾ റെസിസ്റ്റ് ചെയ്യാനുള്ള ശക്തിയുമൊക്കെ അന്നത്തെ സഭാദ്ധ്യക്ഷന് വേണ്ടിയിരുന്നു എന്ന് തോന്നുകയാണ്. അതുകൊണ്ടുതന്നെ നിയമസഭാ സ്പീക്കറെന്ന പദവി കേരള രാഷ്ട്രീയത്തിലും ചരിത്രത്തിലുമൊക്കെ അവിസ്മരണീയമായി മുദ്രകുത്തപ്പെട്ടിട്ടുണ്ട്. 1967-ലെ മന്ത്രിസഭയുടെ പതന സമയത്ത് സ്പീക്കറെന്ന നിലയിൽ അദ്ദേഹം സഭയെ നിയന്ത്രിച്ചിരുന്ന രീതി വളരെ ഔത്സുക്യത്തോടുകൂടി ചരിത്രം വായിക്കുന്ന ആളുകൾക്ക് ഇന്ന് പഠിക്കാനും അറിയാനുമൊക്കെയുള്ള വിഷയം തന്നെയാണ്. ജനസേവനം മാത്രം ലക്ഷ്യമാക്കി ഇറങ്ങിത്തിരിക്കുകയും അത്

മേഖലകളിലൊക്കെ നല്ല കാര്യങ്ങൾ ചെയ്ത് അന്ത്യം കാണുകയും ചെയ്ത ഒരു മഹാനായിരുന്നു ദാമോദരൻ പോറ്റി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

<u>**ശ്രീ. കെ. പി. രാജേന്ദ്രൻ:-**</u> മുൻ സ്പീക്കറായിരുന്ന ഡി. ദാമോദരൻ പോറ്റിയുടെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു. ബഹുമാന്യനായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഒക്കെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോടും വികാരങ്ങളോടും ഞാനും എന്റെ കക്ഷിയും പൂർണ്ണമായി യോജിക്കുകയാണ്. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സജീവമായി ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ച് ചെറുപ്പം മുതലേ പൊതുപ്രവർത്തന രംഗത്ത് വന്ന വ്യക്തിയാണ് അദ്ദേഹം. നല്ലൊരു തൊഴിലാളി പ്രവർത്തകനായിരുന്ന അദ്ദേഹം സ്വന്തം നാട്ടിലെ വിവിധ മേഖലകളിലെ തൊഴിലാളികളെ സംഘടിപ്പിക്കാനും അവർക്ക് നേതൃത്വം കൊടുക്കാനും അദ്ദേഹം പ്രവർത്തിച്ചതായി ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തകനും ഒരു സാമൂഹ്യ പ്രവർത്തകനുമായിരുന്നു അദ്ദേഹം. പിതാവും സഹോദരനും സഹോദരിയും ഉൾപ്പെടെ കലയും രാഷ്ട്രീയവും സാമൂഹ്യ പ്രവർത്തനങ്ങളോടുംകൂടി വളർന്നുവന്ന ഒരു കുടുംബ പശ്ചാത്തലമാണ് അദ്ദേഹത്തിന്റേത്. അതുകൊണ്ടാണ് നിയമസഭാംഗം, ഡെപ്യൂട്ടി സ്പീക്കർ, സ്പീക്കർ, മന്ത്രി എന്നീ പദവികളിൽ പ്രവർത്തിച്ചപ്പോൾ അദ്ദേഹത്തിനെ ഏൽപ്പിച്ച ചുമതലകൾ നന്നായി നിർവ്വഹിക്കാനും എല്ലാപേരുടേയും സ്നേഹബഹുമാനങ്ങളും ആദരവും പിടിച്ചു പറ്റാനും കഴിഞ്ഞത്. പ്രഗത്ഭരും പ്രശസ്തരുമടങ്ങിയ വളരെ വലിയ ഭൂരിപക്ഷത്തോടുകൂടിയ ഭരണപക്ഷവും കുറച്ച്

അംഗങ്ങളോടു കൂടിയ പ്രതിപക്ഷവും ഉള്ള 1967-ലെ നിയമസഭയിൽ ആണ് അദ്ദേഹം ഏകകണ്ഠമായി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതും നല്ല രീതിയിൽ എല്ലാപേരുടേയും പിൻതുണയോടുകൂടി സഭ നടത്തിക്കൊണ്ടുപോയതും. പ്രവർത്തിച്ച എല്ലാ മേഖലകളിലും കഴിവും പ്രതിബദ്ധതയും തെളിയിച്ച മഹാനായ നേതാവാണ് ദാമോദരൻ പോറ്റി.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി):-** സ്വാതന്ത്ര്യ സമര സേനാനി, സാമൂഹ്യ പ്രവർത്തകൻ, രാഷ്ട്രീയ നേതാവ്, ഭരണ കർത്താവ്, നിയമസഭാ സ്പീക്കർ എന്നീ നിലകളിൽ ബഹുമുഖ വ്യക്തിത്വമാണ് ഡി. ദാമോദരൻ പോറ്റിയിൽ നിറഞ്ഞു നിന്നിരുന്നത്. ഏറ്റവും ശ്രദ്ധേയനായത് നിയമസഭാ സ്പീക്കർ എന്നുള്ള നിലയിലാണ്. കേരളത്തിലെ പ്രശസ്ത സാഹിത്യകാരിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീമതി ലളിതാംബിക അന്തർജ്ജനം അദ്ദേഹത്തിന്റെ മൂത്ത സഹോദരിയായിരുന്നു. ഏത് ബുദ്ധിമുട്ടേറിയ സാഹചര്യത്തിലും നർമ്മബോധവും ചാതുര്യവും കൊണ്ട് സമർത്ഥമായി ആ സാഹചര്യങ്ങളെ നേരിടാൻ സ്പീക്കറെന്ന നിലയിൽ അദ്ദേഹത്തിന് കഴിയുമായിരുന്നു. അദ്ദേഹം വളരെ അക്ഷോഭ്യനായിരുന്നു. 1967-ലെ ഇ.എം.എസ്. മന്ത്രിസഭയുടെ പതനത്തെത്തുടർന്ന് നിലവിൽ വന്ന സി. അച്യുതമേനോൻ ഗവണ്മെന്റിലും ഡി. ദാമോദരൻ പോറ്റി സ്പീക്കറായി തുടർന്നു. 1970 ജനുവരി മാസം 29-ാം തീയതി സ്പീക്കറുടെ ഡയസ്സിലേക്ക് എം. എൽ. എ.മാർ കയറി സ്പീക്കറെ വളയുന്ന സന്ദർഭത്തിൽ പോലും അദ്ദേഹം വളരെ അക്ഷോഭ്യനായി കൂസലില്ലാതെ നേരിട്ട ആ സംഭവം ഇപ്പോഴും എന്റെ മനസ്സിലുണ്ട്. വളരെ മൃദുലമായ, വിനയാന്വിതനായ, ദൃഢചിത്തതയുള്ള ദാമോദരൻ പോറ്റിയുടെ നിര്യാണം നമ്മുടെ പൊതു പ്രവർത്തക രംഗത്ത് തീരാത്ത നഷ്ടമാണ്

പ്രവർത്തകനും ആയിരുന്നു. മാത്രമല്ല, പി..എസ്.പി.യുടെ നെടുംതൂണും എസ്.എസ്.പി.യുടെ ചെയർമാനും ആയിരുന്നു. കേരളത്തിന്റെ സാംസ്കാരിക–സാമൂഹിക–രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ദാമോദരൻ പോറ്റിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

**ഡോ: എ.നീലലോഹിതദാസൻ നാടാർ** : അന്തരിച്ച മുൻ സ്പീക്കർ ദാമോദരൻ പോറ്റിയുടെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുന്നു. സംയമനത്തിന്റേയും ലാളിത്യത്തിന്റേയും അനിതരസാധാരണമായ വിനയത്തിന്റേയും കുലീനതയുടേയും പ്രതീകമായി കേരളത്തിന്റെ പൊതുരംഗത്ത് നിറഞ്ഞുനിന്ന വ്യക്തിത്വ ത്തിന്റെ ഉടമയായിരുന്നു ദാമോദരൻ പോറ്റി. കലയും സാഹിത്യവും സാമൂഹ്യ പരിഷ്ക്കാരങ്ങളും രാഷ്ട്രീയവുമൊക്കെ നിറഞ്ഞുനിന്ന ഗൃഹാന്തരീക്ഷത്തിൽ വളർന്ന് വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടയാളാണ് അദ്ദേഹം. കേന്ദ്ര സെക്രട്ടേറിയറ്റിൽ ഉദ്യോഗം ലഭിച്ച അദ്ദേഹം ഐതിഹാസികമായ ക്വിറ്റ് ഇൻഡ്യാ സമരത്തിൽ പങ്കെടുക്കാൻവേണ്ടി ആ ഉദ്യോഗം രാജിവച്ചു. അതിനുശേഷം കോൺഗ്രസ്സ്, സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളിൽ വളരെ സജീവമായി പ്രവർത്തിച്ചു. 1954–ൽ തിരുക്കൊച്ചി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ഡെപ്യൂട്ടി സ്പീക്കറാവു കയും ചെയ്തു. 1960–ൽ പട്ടം താണുപിള്ള നേതൃത്വം നൽകിയ സംയുക്ത മന്ത്രിസഭയിൽ പൊതുമരാമത്ത്, ടൂറിസം വകുപ്പുമന്ത്രിയായിരുന്നു. ആ വകുപ്പുകളിൽ അടിസ്ഥാനപരമായ പല പ്രവർത്തനങ്ങളും അദ്ദേഹം കാഴ്ചവയ്ക്കുകയുണ്ടായി. പട്ടം താണുപിള്ള ഗവർണ്ണറായി പോയതിനെ

ത്തുടർന്ന് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയുടെ ദേശീയ സമിതി കൈക്കൊണ്ട തീരുമാനപ്രകാരം അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചു. വീണ്ടും 1965–ൽ അദ്ദേഹം നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും നിയമസഭ കൂടിയില്ല. 1967–ൽ സപ്തകക്ഷി മുന്നണി മന്ത്രിസഭ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം നിയമസഭാസ്പീക്കറായി. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായി ഉണ്ടായ വിവിധ നിയമസഭകളുടെ ചരിത്രം പരിശോധിച്ചാൽ രാഷ്ട്രീയ കോളിളക്കങ്ങളിലും ചേരിതിരിവുകളിലും സ്പീക്കർമാർപോലും ഇടപെട്ടുപോകുന്ന അവസ്ഥാവിശേഷം ഉണ്ടായിട്ടുണ്ടെങ്കിലും ഈ രാഷ്ട്രീയ കോളിളക്കങ്ങളിലൊന്നും പങ്കാളിയാകാതെ സ്പീക്കർ എന്ന പദവിയുടെ മഹനീയത കാത്തുസൂക്ഷിക്കാനും അതിനനുസൃതമായി പെരുമാറാനും അദ്ദേഹത്തിന് കഴിഞ്ഞു. അതുകൊണ്ടുതന്നെ 1970–ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ അദ്ദേഹത്തിന് ഒരു മുന്നണിയും സ്ഥാനാർത്ഥിത്വം നൽകിയില്ല. ബ്രിട്ടീഷ് മാതൃകയിൽ, സ്പീക്കറായിരുന്ന ആളിനെ എല്ലാവരുംകൂടെ തെരഞ്ഞെടുക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകണമെന്ന അഭിപ്രായം ഉയർന്നുവരുന്നതിന് ഈ സംഭവം ഇടയാക്കി. 1971–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ വി.കെ. കൃഷ്ണമേനോനെതിരായി ഐക്യമുന്നണി സ്ഥാനാർത്ഥിയായി മൽസരിക്കാൻ ഇടയായ അദ്ദേഹം അതിനുശേഷം സജീവ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുകയും മുപ്പതിലേറെ വർഷങ്ങൾ പൊതുരംഗത്ത് നിറഞ്ഞുനിൽക്കുകയും ചെയ്തു. ഭാരത് സേവക് സമാജിലും ഗ്രന്ഥശാല സംഘത്തിലും ഹിന്ദി പ്രചരണ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്ന അദ്ദേഹം ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭയുടെ കേരളത്തിലെ ചെയർമാനും ആയിരുന്നു. ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങളെയും ഒരേ താൽപര്യത്തോടും

പ്രത്യേകതയാണ്. 1967–70 കാലയളവിൽ അദ്ദേഹം സ്പീക്കറായിരുന്നപ്പോൾ വിദ്യാർത്ഥി സംഘടനാ പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹത്തെ പരിചയപ്പെടാനും സ്നേഹവാൽസല്യങ്ങളോടുകൂടിയുള്ള പെരുമാറ്റം അനുഭവിക്കാനും കഴിഞ്ഞ എനിക്ക് അദ്ദേഹത്തിന്റെ നിര്യാണം വ്യക്തിപരമായ നഷ്ടവും പൊതുരംഗത്തിന് തീരാനഷ്ടവുമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

**കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരിയമ്മ)** : അന്തരിച്ച മുൻ സ്പീക്കർ ദാമോദരൻ പോറ്റിയുടെ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

**ഡോ: കെ.സി. ജോസഫ്** : അന്തരിച്ച മുൻ സ്പീക്കർ ദാമോദരൻ പോറ്റിയുടെ വേർപാടിൽ അങ്ങും സഭാനേതാവും പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ–രാഷ്ട്രീയ–സാംസ്കാരിക–സാഹിത്യ രംഗങ്ങളിൽ നിറഞ്ഞുനിന്ന് പ്രവർത്തിക്കുകയും വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത വലിയൊരു സാമൂഹ്യ പ്രവർത്തകനായിരുന്നു ദാമോദരൻ പോറ്റി. വിനയാന്വിതനായി, സാധാരണക്കാരിൽ ഒരുവനായി, എല്ലാ പേരുടെയും സ്നേഹാദരവുകൾ നേടിയെടുക്കാനും ഏറ്റെടുത്ത പ്രവർത്തന ങ്ങളിലൊക്കെ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അവസാന കാലഘട്ടത്തിൽ അയ്യപ്പ സേവാ സംഘത്തിന്റെ പ്രസിഡന്റ് എന്ന നിലയിൽ തീർത്ഥാടകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടത്തിയ ശ്രമങ്ങളും സ്പീക്കർ എന്ന നിലയിൽ നിയമസഭാസാമാജികർക്ക് താമസസൗകര്യത്തിനായി ന്യൂ ബ്ളോക്ക് ഹോസ്റ്റൽ നിർമ്മാണത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളും ഒരു കാലത്തും

വിസ്മരിക്കാൻ കഴിയുന്നതല്ല. ഏറ്റെടുത്ത എല്ലാ രംഗങ്ങളിലും അർപ്പണ മനോഭാവത്തോടെ, വിനയത്തോടെ, സ്നേഹത്തോടെ, സാഹോദര്യത്തോടെ പ്രവർത്തിച്ച, സാമൂഹ്യ രംഗത്ത് നിറഞ്ഞുനിന്ന ഒരു വ്യക്തിയുടെ നഷ്ടമാണ് പോറ്റിയുടെ നിര്യാണത്തിലൂടെ ഉണ്ടായിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു. ആ ആത്മാവിന് നിത്യശാന്തി നേരുന്നു.

**ജലവിഭവ വകുപ്പുമന്ത്രി** <u>**(ശ്രീ. ടി.എം.ജേക്കബ്:)**</u> പൊതുജീവിതത്തിൽ എന്നും സംശുദ്ധതയുടെ പര്യായമായി ദാമോദരൻ പോറ്റി തിളങ്ങിയിട്ടുണ്ട്. മൂന്നാം കേരള നിയമസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ മൂന്നു വർഷക്കാലത്തിലേറെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പലതും നമ്മുടെ നിയമസഭയുടെ റിക്കാർഡുകളിൽ എടുത്തുപറയാൻ കഴിയുന്ന പ്രത്യേകതകൾ ഉൾക്കൊള്ളുന്നതാണ്. അദ്ദേഹത്തിന്റെ പിതാവ് കെ.ദാമോദരൻ പോറ്റി ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു .തിരുക്കൊച്ചി നിയമസഭയിലേക്ക് മുപ്പത്തിമൂന്നാമത്തെ വയസ്സിൽ കടന്നുവന്ന ദാമോദരൻ പോറ്റി ഈ സഭയുടെ അദ്ധ്യക്ഷ സ്ഥാനത്തു നിന്നുകൊണ്ടാണ് പാർലമെന്ററി പ്രവർത്തനങ്ങളിൽനിന്നും വിരമിച്ചത്. അദ്ദേഹത്തിന്റെ വിവിധ തുറകളിലെ സ്തുത്യർഹമായ പ്രവർത്തനങ്ങൾ ഇവിടെ പലരും സൂചിപ്പിച്ചു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ വൈസ് ചെയർമാൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ നേരിട്ട് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ രംഗത്തും അദ്ദേഹത്തിന് തന്റേതായ കാഴ്ചപ്പാടുണ്ടായിരുന്നു. 1967-ൽ നിലവിൽ വന്ന 3-ാം കേരള നിയമസഭ ഇ.എം.എസ്സിന്റേയും അച്ചുതമേനോന്റേയും നേതൃത്വത്തിലുള്ള രണ്ടു

മന്ത്രിസഭകൾ അധികാരത്തിൽ വന്ന ശ്രദ്ധേയമായ സഭയായിരുന്നു. 1970 മാർച്ചുമ്സം 18–ാം തീയതി അന്നത്തെ മുഖ്യമന്ത്രി സഭയിൽ വിശ്വാസപ്രമേയം അവതരിപ്പിച്ചു. നമ്മുടെ നിയമസഭയിലുള്ള കീഴ്വഴക്കം അവിശ്വാസ പ്രമേയം കൊണ്ടുവരിക യാണ്. പക്ഷെ ഒരു മുഖ്യമന്ത്രി ആദ്യമായി ഒരു വിശ്വാസപ്രമേയം അവതരിപ്പിച്ചത് ഒട്ടേറെ വിവാദങ്ങൾക്കിടയാക്കി. രണ്ടു ദിവസം കഴിഞ്ഞ് അതു സംബന്ധിച്ച് ദാമോദരൻപോറ്റി നൽകിയിട്ടുള്ള റൂളിംഗ്, നമ്മുടെ പ്രിസൈഡിംഗ് ഓഫീസേഴ്സിന്റെ റൂളിംഗുകളിൽ ഏറ്റവും ശ്രദ്ധേയമാണ്. വിശ്വാസപ്രമേയങ്ങളുടെ നടപടിക്രമങ്ങൾ എന്താണെന്ന് നമ്മുടെ സഭയിൽ നിലനിൽക്കുന്ന ആ റൂളിംഗ് ഇതര സഭകൾക്കും മാതൃകയാണ്. ,ഷോർട്ട് ക്വസ്റ്റ്യൻസ് ധാരാളം വന്നുകൊണ്ടിരുന്ന കാലത്ത്, ഷോർട്ട് ക്വസ്റ്റ്യൻസ് ഒന്നോ രണ്ടോ എന്ന നിലയിൽ പരിമിതപ്പെടുത്തി നടപടിക്രമങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ റൂളിംഗ് ശ്രദ്ധേയമാണ്. ഇന്നത്തെ പുതിയ നിയമസഭാമന്ദിരം രൂപം കൊള്ളുന്നതിന് പ്രധാന പങ്ക് വഹിച്ചയാളാണ് അദ്ദേഹം. പ്രഗത്ഭനായിരുന്ന അന്തരിച്ച ഡോ. ആർ. പ്രസന്നനെ നിയമസഭയുടെ സെക്രട്ടറിയായി കൊണ്ടുവന്നത് അദ്ദേഹമാണ്. തന്റെ പ്രവർത്തന കാലയളവിൽ തന്നെക്കൊണ്ടു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാനും അതിന് അനുസൃതമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്താനും കഴിഞ്ഞ ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**<u>ശ്രീ. എ.സി. ഷൺമുഖദാസ്</u>**: ദാമോദരൻപോറ്റിയുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും

പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പങ്ക് ചേരുന്നു. രാഷ്ട്രീയ പ്രവർത്തനത്തിൽ അദ്ദേഹവുമായി അടുത്ത് ഇടപെടാൻ അവസരം കിട്ടിയിട്ടില്ല. എങ്കിലും വിവിധ രംഗങ്ങളിലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ വിനയത്തിന്റെ മൂർത്തീഭാവമായ, കേരള രാഷ്ട്രീയത്തിലെ അപൂർവം വ്യക്തികളിൽ ഒരാളായ ദാമോദരൻ പോറ്റി സാമൂഹ്യ–വികസന–സാംസ്ക്കാരിക–പൊതുരംഗങ്ങളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ടെന്ന് കാണാം. അദ്ദേഹത്തിന്റെ ദേഹവിയോഗം നാടിന് തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ നമോവാകം അർപ്പിക്കുന്നു.

**തൊഴിൽവകുപ്പുമന്ത്രി (<u>ശ്രീ ബാബുദിവാകരൻ)</u>:** അന്തരിച്ച ദാമോദരൻ പോറ്റിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹവുമായും അദ്ദേഹത്തിന്റെ കുടുംബവുമായും നിരന്തരം ബന്ധം പുലർത്താൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. 1967–69 കാലഘട്ടങ്ങളിൽ നിയമസഭയിലെ പ്രക്ഷുബ്ധമായ പല രംഗങ്ങളും അക്ഷോഭ്യനായി അദ്ദേഹം നേരിട്ടിട്ടുണ്ട്. ലാളിത്യത്തിന്റേയും വിനയത്തിന്റേയും പ്രതീകമായി അദ്ദേഹം എന്നും ഓർമ്മിക്കപ്പെടും എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്കുമുന്നിൽ ഞാനും എന്റെ പ്രസ്ഥാനവും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>**: നിയമസഭാ സ്പീക്കറായിരുന്ന

മുഖ്യമന്ത്രിയും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോടും ദു:ഖത്തോടും ഞാനും പങ്കുചേരുന്നു. ദാമോദരൻ പോറ്റിയുടെ കുടുംബവും എന്റെ കുടുംബവും തമ്മിൽ വളരെ അടുത്ത ബന്ധമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ പിതാവ് ശ്രീമൂലം പ്രജാ സഭയിൽ അംഗമായിരുന്നു. 1954, 1960, 1965, 1967 എന്നീ കാലഘട്ടങ്ങളിൽ നിയമസഭയിലേയ്ക്ക് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ജനങ്ങൾക്ക് പ്രിയങ്കരനായ അദ്ദേഹം തനിക്ക് ലഭിച്ച കുടുംബ സ്വത്തുക്കൾ മുഴുവൻ രാഷ്ട്രീയ പ്രവർത്തനത്തിനുവേണ്ടി ചെലവഴിക്കുകയാണ് ചെയ്തത്. നമ്പൂതിരിമാരായ സ്ത്രീകൾക്ക് വിദ്യാലയങ്ങളിൽ വിദ്യാഭ്യാസത്തിന് പോകാൻ കഴിയാതിരുന്ന ഒരു കാലഘട്ടത്തിൽ വീട്ടിലിരുന്ന് പഠിച്ച് കേരളത്തിന്റെ സാഹിത്യ തറവാട്ടിലേയ്ക്ക് കടന്നു വരാൻ കഴിഞ്ഞ ഉന്നതമായ പാരംപര്യം പുലർത്തിയ ലളിതാംബിക അന്തർജ്ജനം ദാമോദരൻ പോറ്റിയുടെ മൂത്ത സഹോദരിയാണ്. അവരുടെ മകൻ, കേരള സാഹിത്യത്തിൽ മലയാള നാടിന് ഒരിക്കലും മറക്കാൻ കഴിയാത്ത സംഭാവന നൽകിയ മോഹനൻ എന്റെ സഹപാഠിയാണ്. 1960–ൽ കൊട്ടാരക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച ദാമോദരൻ പോറ്റി ഈ സഭയിൽ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ എനിക്ക് അംഗമായിരിക്കാനുള്ള അവസരമുണ്ടായിട്ടുണ്ട്. പൊതുമരാമത്തു വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഈ സംസ്ഥാനത്ത് സംശുദ്ധമായ ഒരു ഭരണം കാഴ്ചവയ്ക്കാനും, ജനങ്ങൾക്ക് പ്രയോജനപ്രദമായ ഒട്ടേറെ പദ്ധതികൾക്ക് രൂപം നൽകാനും അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. 1971–ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിയെ പ്രതിനിധീകരിച്ച് 1ശ്രീ. വി. കെ. കൃഷ്ണമേനോനെതിരായി മൽസരിക്കാൻ അദ്ദേഹം നിർബന്ധിതനായി. ആ തെരഞ്ഞെടുപ്പിലുണ്ടായ പരാജയ ത്തോടുകൂടി അദ്ദേഹം രാഷ്ട്രീയ രംഗത്തുനിന്നും വിരമിക്കുകയാണു

ത്യാഗോജ്ജ്വലമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചത്. ജീവിതാവസാനംവരെ അയ്യപ്പസേവാസംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ വേർപാട് പൊതു പ്രസ്ഥാനത്തിന് തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ഈ സഭയിൽ പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് ഈശ്വരൻ നിത്യശാന്തി നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു).

സഭ രാവിലെ 9.50–ന് പിരിഞ്ഞു.